I.ഇ.ബി.XIകേരള നിയമസഭ/IV12

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 2, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

(1) പെരിയാർവാലി കനാലിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. സാജുപോൾ : എറണാകുളം ജില്ലയിലെ പെരിയാർവാലി കനാലുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. പെരിയാർവാലി ജലസേചന പദ്ധതി 1967–ൽ കമ്മീഷൻ ചെയ്തതാണ്. ഇപ്പോഴും പല ഭാഗത്തേയും കനാലുകളുടെ പണി പൂർത്തിയായിട്ടില്ലെങ്കിൽ പോലും പൂർത്തിയായതായി പ്രഖ്യാപിക്കുകയും ക്യാപ്പിറ്റൽ ഹെഡ്ഡിൽ പണം അനുവദിക്കാത്ത സ്ഥിതിയുമാണുള്ളത്. ഇതുവരെ 100 കോടി രൂപ ചെലവായി. ഈ വർഷം അറ്റകുറ്റപ്പണികൾക്ക് അനുവദിച്ചിട്ടുള്ളത് 340.4 ലക്ഷം രൂപയാണ്. അതിൽ 227.57 ലക്ഷം രൂപ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. 2002–2003–ൽ 800 ലക്ഷം രൂപയും 2003–2004–ൽ 600 ലക്ഷം രൂപയും ചെലവ് ചെയ്താൽ മാത്രമേ ഇത് ഉപയോഗയോഗ്യമാക്കി തീർക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം ടെന്റർ ചെയ്ത ജോലികൾ റദ്ദാക്കപ്പെട്ടു. അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കുകയോ ലാപ്സാകുകയോ ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ മഴക്കാലത്തും വേനൽക്കാലത്തും ഈ കനാലുകൾ മനുഷ്യജീവന് ഭീഷണി ഉയർത്തുന്ന അവസ്ഥയിലാണ്. കനാൽ ബണ്ട് റോഡും ഷട്ടറുകളും അണ്ടർ ടണലുകളുമെല്ലാം ആകെ

തകർന്നിരിക്കുന്നു. ഇതിന്റെ പൂർത്തീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): 1967–ൽ കമ്മിഷൻ ചെയ്തതാണ് ഈ പ്രോജക്ട്. എറണാകുളം ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ, കണയന്നൂർ, പറവൂർ എന്നീ താലൂക്കുകളിലെ ജലസേചനസൗകര്യം ഈ കനാലുകൾവഴി നടക്കുന്നുണ്ട്. ഈ പ്രോജക്ടിന്റെ പലഭാഗത്തും കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതാണ് അടിസ്ഥാനപരമായ പ്രശ്നം. അതുകൊണ്ട് കനാലുകൾ ഇടിഞ്ഞ് വെള്ളം ഒഴുകാതായി. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഈ പ്രോജക്ടിന്റെ പരിധിയിൽ വരുന്ന എം.എൽ.എ മാരുടെ യോഗം വിളിച്ചുചേർത്ത് അടിയന്തിരമായി കുറെപ്പണികൾ നടത്തുകയും ചെയ്തു. ഈ സാമ്പത്തികവർഷം 341.94 ലക്ഷം രൂപയാണ് അറ്റകുറ്റപ്പണികൾക്കുവേണ്ടി വകകൊള്ളിച്ചിരിക്കുന്നത്. മേജർ ഇറിഗേഷന്റെ പണികളിൽനിന്നും ഒന്നരക്കോടി രൂപ കൂടി മാറ്റാൻ കഴിയും. പക്ഷേ ഇതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. ഭൂതത്താൻകെട്ട് ബാരേജിന്റെ ഷട്ടറുകൾക്ക് കേടു വന്നിട്ടുണ്ട്. ആ ഷട്ടറുകളിൽ ഒരു ഷട്ടർ മാറ്റി ബാക്കി 4 ഷട്ടറുകളുടെ പണികൾ ചെയ്തു തീർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെരിയാർവാലി ഉൾപ്പെടെയുള്ള മേജർ പ്രോജക്ടുകളുടെ അറ്റകുറ്റപ്പണികളെല്ലാം സജീവ പരിഗണനയിലാണ്. കേന്ദ്രഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനെ ക്കുറിച്ച് ആരായുന്നുണ്ട്. ടെന്റർ ചെയ്യുന്ന പണികൾപോലും ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരാത്ത സ്ഥിതിവിശേഷമാണുള്ളത്. കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പെരിയാർവാലി പദ്ധതിയുടെ പ്രയോജനം പൂർണ്ണ രൂപത്തിൽ എല്ലാ പ്രദേശത്തും കിട്ടാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (2) സേവ് പെരിയാർ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എച്ച്. മുസ്തഫ : എറണാകുളത്തും പരിസര പ്രദേശത്തുമുള്ള വ്യവസായ ശാലകളിലേയും ആശുപത്രികളിലേയും അറവുശാലകളിലേയും വിവിധ പഞ്ചായത്തു കളിലേയും മുനിസിപ്പാലിറ്റികളിലേയും മലിനവസ്തുക്കളും മലിനജലവും പെരിയാറിലേക്ക് ഒഴുക്കിവിടുന്നതുമൂലം പെരിയാർ പൂർണ്ണമായും മലിനമായിരിക്കുന്നു. നിലവിലുള്ള നിബന്ധനകളെല്ലാം മറികടന്നുകൊണ്ട് മണലൂറ്റുന്നതിനാൽ പെരിയാറിന്റെ വാട്ടർ ലവൽ അപകടകരമാം വിധം താഴ്ന്ന് ഉപ്പുവെള്ളം കയറി ശുദ്ധജലവിതരണം തടസ്സപ്പെടുന്നതിനാലും സമീപ പദേശങ്ങളിലെ കിണറുകളിൽ വെള്ളമില്ലാത്തതിനാലും ലക്ഷക്കണക്കിനാളുകൾ കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്നതിന് പുറമേ ധാരാളം അപകടമരണങ്ങളുമുണ്ടാകുന്നു. പൂർണ്ണമായി നശിപ്പിക്കപ്പെട്ടിരിക്കുന്ന പെരിയാറിനെ രക്ഷിക്കുന്നതിന് പെരിയാറിലെ മലിനജലം ഒഴുക്കിക്കളയുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമൊക്കെയായി സേവ് പെരിയാർ അതോറിറ്റി സത്വരമായി രൂപീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): പെരിയാറിന്റെ അവസാനത്തെ 54 കിലോമീറ്റർ വളരെ ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടി ഒഴുകുന്നതിനാൽ വിവിധ സ്ഥാപനങ്ങളാൽ വളരെയേറെ മലിനീകരിക്കപ്പെടുന്നു. നദികളിൽ മാലിന്യങ്ങൾ നിക്ഷേപി ക്കുന്നതിൽനിന്ന് ജനങ്ങൾ സ്വയം പിൻമാറണം. അശാസ്ത്രീയമായ മണൽവാരൽ നിരോധിക്കുന്നതിന് 1993–ൽ 9 നദികളിലെ മണൽവാരൽ നിരോധിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഫലപ്രദമാകാത്തതിനാൽ നിയമനിർമ്മാണത്തിലൂടെ മണൽവാരൽ നിയന്ത്രിച്ചു വെങ്കിലും അനധികൃത മണൽവാരൽ ഇപ്പോഴും നടക്കുന്നുണ്ട്. ഇതെങ്ങനെ ഫലപ്രദമായി തടയാമെന്ന് ഗവൺമെന്റ് സജീവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രേറ്റർ കൊച്ചിൻ ശുദ്ധജല വിതരണ പദ്ധതിക്കും മറ്റു പല പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനും ഈ നദിയിലെ ജലമാണ് ഉപയോഗിക്കുന്നത്. മണലൂറ്റുമൂലം നദിയുടെ അടിത്തട്ട് താഴ്ന്നു പോയതിനാൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നവുമുണ്ട്. പെരിയാർ നദിയുടെ വരട്ടാർ, ഇടമുള ബ്രാഞ്ചുകളിൽ റഗുലേറ്റർ–കം–ബ്രിഡ്ജ് സ്ഥാപിക്കുന്നതിനും ഇതിന്റെ ചെലവിനാവശ്യമായ 20 കോടി രൂപ ഇതിന്റെ പ്രധാന ഗുണഭോക്താവായ കൊച്ചിൻ റിഫൈനറിയിൽനിന്ന് ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്. മണൽ വാരൽ നിയന്ത്രണം ശക്തമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അമിതമായ മണൽ വാരൽ നിയന്ത്രിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സഹായത്തോടെ ചില നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നദീതീരങ്ങൾ കയ്യേറിയവരെ ഒഴിപ്പിക്കുന്നതാണ്. നദീതീരങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടുന്നതിനും ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനുംവേണ്ടി ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. സേവ് പെരിയാർ അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ ചെയ്യാൻ കഴിയുമോയെന്ന് പരിശോധി ക്കുന്നതാണ്. പെരിയാർ നദിയെ സംരക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിനുമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം ജനപ്രതിനിധികളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് മണൽ വാരൽ നിയന്ത്രണ നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

### (1) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എലിപ്പനി

ശ്രീ.കെ.സി. ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ, എരുവശ്ശി പഞ്ചായത്തുകളിൽ എലിപ്പനി വ്യാപകമായി പടർന്നിരിക്കുന്നു. ഇതിനകം അഞ്ചു പേർ മരണപ്പെടുകയും ഇരുന്നൂറിലേറെപ്പേരെ വിവിധ ആശുപത്രികളിലായി പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. തലശ്ശേരി സഹകരണ ആശുപത്രിയിൽ മാത്രമാണ് എലിപ്പനി പരിശോധിക്കുന്നതിനുള്ള സംവിധാനമുള്ളത്. ഇതിന്റെ പരിശോധനയ്ക്കു മാത്രം 500 രൂപ

ചെലവു വരും. അതുകൊണ്ട് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലും സമീപ പ്രദേശങ്ങളിലെ പി.എച്ച്.സി.കളിലും രോഗപരിശോധനാകിറ്റ് ലഭ്യമാക്കുകയും എലിപ്പനി രോഗ നിവാരണത്തിനാവശ്യമായ മരുന്നുകൾ എത്തിക്കുകയും വേണം. ബോധവത്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും നടത്തി ജനങ്ങൾക്കുണ്ടായിട്ടുള്ള ഭയം ദുരീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കണ്ണൂർ ജില്ലയിലെ നടുവിൽ, എരുവശ്ശി പഞ്ചായത്തുകളിലാണ് എലിപ്പനി രോഗം ബാധിച്ച് വിവിധ ആശുപത്രികളിൽ ചികിത്സ തേടുകയുണ്ടായിട്ടുള്ളത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിയാരം മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിച്ചിട്ടുണ്ട്. അവിടെ മെഡിക്കൽ ക്യാമ്പുകളും രക്തപരിശോധനയും രോഗ നിർണ്ണയ പരിശോധനകളുമെല്ലാം നടത്തിക്കഴിഞ്ഞു. മഴക്കാലമായതിനാൽ വിവിധ വൈറസ് ബാധയാൽ പനി ബാധിച്ച 217 പേരെ എരുവശ്ശി പഞ്ചായത്തിലെ ക്യാമ്പിൽ പരിശോധിച്ചപ്പോൾ ഒരാൾക്ക് എലിപ്പനി രോഗബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടെങ്കിലും പിന്നീടുള്ള വിശദമായ പരിശോധനയിൽ നെഗറ്റീവ് റിപ്പോർട്ടാണ് ലഭിച്ചത്. നടുവിൽ പഞ്ചായത്തിൽ 200 പേരെ പരിശോധിച്ചതിൽ ഒരാൾക്കുപോലും രോഗ ബാധയുള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. തളിപ്പറമ്പ് താലൂക്കാശുപത്രിയിൽ 9 പേർക്ക് രോഗബാധയുള്ളതായി സംശയിച്ചുവെങ്കിലും പിന്നീട് നെഗറ്റീവ് റിപ്പോർട്ടാണ് ലഭിച്ചത്. കണ്ണൂർ ജില്ലയിലാകെ 13 പേർക്ക് എലിപ്പനി ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽ 4 പേർ മരണമടഞ്ഞിട്ടുണ്ട്. രോഗ പരിശോധനാ കിറ്റുകൾ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് എന്നീ ആശുപത്രികളിൽ ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന–ജില്ലാതല കമ്മിററികൾ രൂപീകരിച്ചിട്ടുണ്ട്. എലിപ്പനിയുണ്ടെന്നു സംശയിക്കുന്ന സ്ഥലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തിവരുന്നു. എല്ലാ ആശുപത്രികളിലും എലിപ്പനി ചികിൽസയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാലിന്യനശീകരണം, എലി നശീകരണം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതാണ്. തളിപ്പറമ്പ് പ്രദേശത്ത് ഒരാഴ്ചയ്ക്കുള്ളിൽ 'two day medical camp' നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എലിപ്പനി ബാധിത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി.കളിൽ മരുന്ന് എത്തിക്കു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം സൗജന്യ ചികിൽസയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം

ശ്രീ. ജോർജ് ജെ. മാത്യു : കേരളത്തിൽ ചില സംഘടനകളുടേയും വ്യക്തികളുടേയും നേതൃത്വത്തിൽ പൊതുജന സഹകരണത്തോടെ നടത്തിവരുന്ന മനോരോഗികളുടെ പുനരധിവാസ കേന്ദ്രങ്ങൾക്ക് ആശുപത്രികൾക്കുള്ള ലൈസൻസ് എടുക്കണമെന്നുള്ള മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥ നിർബ്ബന്ധമാക്കിയതിൽ മാററം വരുത്തണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) 1987-ലെ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം ലൈസൻസ് ഇല്ലാത്തവർക്ക് സൈക്കിയാട്രിക് ഹോസ്പിററലോ നഴ്സിംഗ് ഹോമോ നടത്താൻ പാടില്ല. മനോരോഗികളെ സൂക്ഷിക്കുകയോ കിടത്തി ചികിൽസിപ്പിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളെല്ലാം മനോരോഗാശുപത്രിയുടെ പരിധിയിൽ വരുന്നതും അവയ്ക്ക് ലൈസൻസ് എടുക്കേണ്ടത് അത്യാവശ്യവുമാണ്. തമിഴ്നാട്ടിലെ ഏർവാടി മനോരോഗ കേന്ദ്രത്തിലെ തീപിടുത്തവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി മെന്റൽ ഹെൽത്ത് ആക്ടിലെ ലൈസൻസിംഗ് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണമെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈസൻസിന് അപേക്ഷിക്കാത്ത ഇത്തരത്തിലുള്ള യാതൊരു സ്ഥാപനവും 1-7-2002-നുശേഷം കേരളത്തിൽ മനോരോഗികളെ ചികിൽസിപ്പിക്കാനോ താമസിപ്പക്കനോ പാടില്ല. ഇക്കാര്യത്തിൽ സർക്കാരിന് ഇളവ് അനുവദിക്കാൻ സാധിക്കുകയില്ല.

(3) കൂററനാട് ഹെഡ് വർക്ക്സ് ഡിവിഷൻ ഓഫീസ് നിർത്തലാക്കൽ

ശ്രീ. വി.കെ. ചന്ദ്രൻ പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായുള്ള കൂററനാട് ഹെഡ് വർക്ക്സ് ഡിവിഷൻ ഓഫീസ് നിർത്തലാക്കാനുള്ള സർക്കാർ തീരുമാനം തൃത്താല ബ്ളോക്കിലെ ശുദ്ധജല വിതരണത്തെ പ്രതികൂലമായി ബാധിക്കും. പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ അവിടത്തെ ജലവിതരണവും മെയിന്റനൻസും ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) തൃത്താല, നാഗലശ്ശേരി, തിരുമിററക്കോട്, ചാലിശ്ശേരി എന്നീ പഞ്ചായത്തുകളാണ് കൂററനാട് ഹെഡ് വർക്ക്സ് ഡിവിഷന്റെ പരിധിയിൽ ഉണ്ടായിരുന്നത്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ് കുന്ദംകുളം ഡിവിഷനും അതിന്റെ കീഴിൽ കൂറ്റനാട് ഒരു സബ് ഡിവിഷനും രൂപീകരിച്ചത്. പാവറട്ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുകയും അതിന്റെ ഭരണ സംബന്ധമായ കാര്യങ്ങൾ 31-3-2002-ൽ തീർപ്പാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കുന്ദംകുളം ഡിവിഷൻ നിലനിറുത്തുന്നതിനും കൂറ്റനാട് സബ് ഡിവിഷൻ കട്ടപ്പനയ്ക്ക് മാറ്റുന്നതിനും തീരുമാനമെടുത്തത്. ഈ പ്രശ്നം അവിടത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് സജീവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## ക്രമപ്രശ്നം

നിയമസഭാ സമ്മേളനകാലത്ത് ഉന്നത ഉദ്യോഗസ്ഥന്മാർ വിദേശപര്യടനം നടത്തുന്നതു സംബന്ധിച്ച്

ശ്രീ .കെ.പി. രാജേന്ദ്രൻ : നിയമസഭയിൽ ഡിമാന്റ് ചർച്ച നടക്കുന്ന ഈ സന്ദർഭത്തിൽ ചീഫ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും ഉൾപ്പെടെ നിരവധി ഉദ്യോഗസ്ഥന്മാർ വിദേശ
പര്യടനം നടത്തുന്നതു ശരിയായ കീഴ്‌വഴക്കമല്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ കെ. ശങ്കരനാരായണൻ): ചീഫ് സെക്രട്ടറി വിദേശത്തു പോയപ്പോൾ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ചാർജ്ജ് കൊടുത്തിട്ടുണ്ട്. ഫിനാൻസ് സെക്രട്ടറിയും പകരം ചാർജ്ജ് കൊടുത്തിട്ടാണ് പോയിട്ടുള്ളത്. ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറയുന്നതു മന്ത്രിമാരാണ് ഉദ്യോഗസ്ഥന്മാരല്ല .

ശ്രീ .എം.വി. ജയരാജൻ: നിയമസഭാ സമ്മേളനം നടക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ ഇദ്യോഗസ്ഥന്മാരും ഇവിടെ ഉണ്ടായിരിക്കേണ്ടതാണെന്ന് നിരവധി റൂളിംഗുകൾ ഉണ്ടായിട്ടുണ്ട് . ഉദ്യോഗസ്ഥന്മാരല്ല മന്ത്രിമാരാണ് സഭയിൽ മറുപടി പറയുന്നത് എന്നുള്ള മന്ത്രിയുടെ മറുപടി സഭയോടുള്ള അവഹേളനമാണ് .

മി. ഡെപ്യൂട്ടി സ്പീക്കർ: ഡിമാന്റ് ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ സഭയിൽ ഉണ്ടായിരിക്കേണ്ടതാണ് . എന്നാൽ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യം കണക്കിലെടുത്താണ് ഉദ്യോഗസ്ഥന്മാർ വിദേശത്ത് പോയിട്ടുള്ളത് . പകരം ചാർജ്ജ് കൊടുത്തിട്ടുള്ളതിനാൽ പ്രശ്നം ഉദിക്കുന്നില്ല .

## ധനകാര്യം

### 2002–2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണ വകുപ്പുമന്ത്രി (ശ്രീ .എം.വി. രാഘവൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു .

ധനാഭ്യർത്ഥന നമ്പർ XXVII – സഹകരണം (61,83,35,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XL – തുറമുഖങ്ങൾ (10,38,01,000 രൂപ)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു .

ധനാഭ്യർത്ഥന നമ്പർ –XXXIX വൈദ്യുതപദ്ധതികൾ (12,66,67,000 രൂപ )

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ): സഹകരണം എന്ന XXVIIാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുതപദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു .

സർവ്വശ്രീ കെ.പി.രാജേന്ദ്രൻ, എം.കുമാരൻ, പി. നാരായണൻ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, വി. കെ. സി. മമ്മത്കോയ, ടി. പി. രാമകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, വി. സി. കബീർ, സി. കെ. നാണു, കെ. പി. മോഹനൻ, എം. വി. ജയരാജൻ, ശ്രീമതി .പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു .

ശ്രീ. വി. ചെന്താമരാക്ഷൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമൂഹ്യ ജീവിതത്തിൽ വൈദ്യുതി അത്യന്താപേക്ഷിതമായ ഒരു ഘടകമായി മാറിയിരിക്കുകയാണ്. കേരളം സമസ്ത മേഖലകളിൽ നേടിയെടുത്തിട്ടുള്ള നേട്ടങ്ങളെ അപ്പാടെ അട്ടിമറിക്കുന്ന നടപടികളുമായിട്ടാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 1999-2000-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം വിവിധ ജല വൈദ്യുത പദ്ധതികളിലായി ആകെ 1086.88 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് കഴിഞ്ഞിട്ടുണ്ട്. എന്നാൽ 1991-96-ൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്ന അവസരത്തിൽ ആകെ ഉല്പാദിപ്പിച്ചത് 17 മെഗാവാട്ട് വൈദ്യുതിയാണ്. ഈ രംഗത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈവരിച്ച നേട്ടങ്ങളെ വളരെ ലാഘവത്തോടുകൂടിയാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ ആവശ്യമായ വൈദ്യുതി ഉണ്ടെന്നിരിക്കെ കൃത്രിമക്ഷാമമുണ്ടാക്കിക്കൊണ്ട് ചില സങ്കുചിത താൽപര്യക്കാരെ സംരക്ഷിക്കാൻ കേരളത്തെ ഇരുട്ടിലേയ്ക്ക് നയിക്കുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 1039 കോടി രൂപയുടെ കട ബാദ്ധ്യതയോടെയാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭരണം ഏറ്റെടുത്തത്. ആ അവസരത്തിൽ ബോർഡിന്റെ ആസ്തി 3776 കോടി രൂപ മാത്രമായിരുന്നുവെങ്കിൽ ആ ഗവൺമെന്റ് അധികാരം വിട്ട് പോകുമ്പോൾ അത് 9989 കോടി രൂപയായി വർദ്ധിച്ചുവെന്ന കാര്യം മറച്ചുവച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി ദുഷ്പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വിരുദ്ധമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 1882 മെഗാവാട്ട് വൈദ്യുതി 5 വർഷത്തിനിടയ്ക്ക് ഉല്പാദിപ്പിക്കാമെന്ന് പറഞ്ഞിട്ട് ഒരു യൂണിറ്റ്പോലും പുതുതായി ഉല്പാദിപ്പിക്കാൻ നടപടി എടുത്തിട്ടില്ല. 10,000 കോടി രൂപയുടെ ആസ്തിയുള്ള കേരളാ ഇലക്ട്രിസിറ്റി ബോർഡിനെ സ്വകാര്യ കുത്തക മുതലാളിമാർക്ക് തീറെഴുതിക്കൊടുക്കുന്നതിനുള്ള നടപടി

കളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ എ.ഡി.ബി. ലോൺ ലഭ്യമാക്കുന്നതിന് പൊതുമേഖല സ്വകാര്യവത്കരിക്കുന്നതിന്റെ ഭാഗമായി എ.ഡി.ബി. നിർദ്ദേശങ്ങൾ ഇലക്ട്രിസിറ്റി ബോർഡിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തൻമൂലമുണ്ടായ 25 ശതമാനം കറന്റ് ചാർജ്ജ് വർദ്ധനവിലൂടെ ഏതാണ്ട് 660 കോടി രൂപയുടെ അധിക ബാദ്ധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കുന്നതോടൊപ്പം വൈദ്യുതി ഒരു അസംസ്കൃത വസ്തുവായി ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന കമ്പനികൾക്ക് ചാർജ്ജ് കുറച്ചുകൊടുക്കുന്ന നടപടിയാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. വൈദ്യുതി ഉൾപ്പെടെ എല്ലാ മേഖലയിലും സ്വകാര്യവൽക്കരണം ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആറ് മാസം കൊണ്ട് വലിയ തോതിലുള്ള ചാർജ്ജ് വർദ്ധനവാണ് വൈദ്യുതി ഉപഭോക്താക്കളിൽ അടിച്ചേല്പിച്ചിരിക്കുന്നത്. ഗാർഹികാവശ്യങ്ങൾക്കും എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുതിക്കുമുള്ള അപേക്ഷാഫീസ് വർദ്ധിപ്പിച്ചു. കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കുന്ന നടപടിയാണ് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പുതിയ കണക്ഷൻ പൂർണ്ണമായും നിയന്ത്രിക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. റഗുലേറ്ററി കമ്മീഷൻ രൂപീകരണവും അതിന്റെ പ്രവർത്തനവും ഒരിക്കലും അംഗീകരിക്കുവാൻ കഴിയുകയില്ല. പതിനായിരം കോടി രൂപ മൂലധനമുള്ള ഇലക്ട്രിസിറ്റി ബോർഡിനെ തുണ്ടംതുണ്ടമാക്കി മാറ്റുന്ന നടപടിയാണ് സ്വീകരിക്കുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് മറിച്ചുവിറ്റിട്ട് കേരളത്തെ ഇരുട്ടിലേയ്ക്ക് നയിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വൈദ്യുതി ഉല്പാദന രംഗത്ത് കേരളം പിറകോട്ട് പോകുന്ന സ്ഥിതിയാണുള്ളത്. വൈദ്യുതി പണമുള്ള ആളുകൾക്കുമാത്രമായി പരിമിതപ്പെടുത്തുന്ന തരത്തിലുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഈ വകുപ്പിൽ പുതിയ നിയമനമില്ല. സീനിയോറിറ്റി മറികടന്നാണ് ട്രാൻസ്ഫർ നടത്തിക്കൊണ്ടിരിക്കുന്നത്. വികലാംഗരെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം ലഭിച്ച എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രൊബേഷൻ ഡിക്ളയർ ചെയ്തിട്ടില്ല. ഇൻക്രിമെന്റും തടഞ്ഞുവച്ചിരിക്കുകയാണ്.

<u>ശ്രീ. പി.ജെ. ജോയി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡിനെ കടക്കെണിയിലാക്കുകയും ബ്ളെയ്ഡ് കമ്പനിയാക്കുകയും ചെയ്തു. ഒട്ടേറെ പരിഷ്കാരങ്ങൾ ഈ രംഗത്ത് കൊണ്ടുവരേണ്ടി യിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് എടുത്ത വായ്പകൾ ഉല്പാദന മേഖലയിൽ ചെലവാക്കാതെ വൈദ്യുതി മേഖലയിൽ ചെലവാക്കി പുറംതിരിഞ്ഞ നയം സ്വീകരിച്ചതിന്റെ ഫലമായാണ് വൈദ്യുതി ബോർഡ് ഇത്രയും വികലമായത്. ഹൈഡ്രോ-ഇലക്ട്രിക് പ്രോജക്ടുകൾക്ക് മുൻഗണന നൽകി സമയബന്ധിതമായി പൂർത്തീകരിക്കണം. വൈദ്യുതി മോഷണം തടയുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. കേടായ മീറ്ററുകൾ മാറ്റണം. മീറ്ററിന് വാടക ഈടാക്കുന്ന നടപടി ശരിയല്ല. വീണ്ടും വീണ്ടും ഉപഭോക്താക്കളുടെ മേൽ അധിക ഭാരം ചുമത്തുന്ന നടപടി അവസാനിപ്പിക്കണം. ഏറ്റവും

കൂടുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇലക്ട്രിസിറ്റി ബോർഡും കെ.എസ്.ആർ.ടി.സി.യും. ഇലക്ട്രിസിറ്റി ബോർഡിലെ ഓഡിറ്റിംഗ് സമ്പ്രദായം കുറ്റമറ്റതാക്കണം. ജില്ലാ കളക്ടർമാർ വഴി ലാന്റ് അക്വിസിഷൻ നടത്താനുള്ള നിർദ്ദേശം കൊടുത്ത് അത്യാവശ്യ ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇലക്ട്രിസിറ്റി ബോർഡിലെ വാഹനങ്ങളും ടെലിഫോണുകളും നിയന്ത്രിക്കണം. ചീഫ് എഞ്ചിനീയർമാരുടെ എണ്ണം 19-ൽനിന്നും 12 ആക്കിയ നടപടി സ്വാഗതാർഹമാണ്. ഇനിയും ആവശ്യമില്ലാത്ത ഒട്ടേറെ തസ്തികകൾ നിർത്തലാക്കണം. പരസ്യത്തിന് അനാവശ്യമായി പണം ചെലവാക്കുന്നത് ഒഴിവാക്കണം. കോടതികളിൽ കേസ് നടത്തുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന സ്ഥിതി അവസാനിപ്പിക്കണം. പദ്ധതികൾക്ക് വാങ്ങിക്കൂട്ടുന്ന സാധനങ്ങൾ സമയബന്ധിതമായി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തണം. ഏരിയ അടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കണം. ഈ രംഗത്തുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. 1980-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തുടങ്ങി വച്ച ജനാധിപത്യവിരുദ്ധ നടപടികളുടെ ഫലമായി ഇന്ന് സഹകരണ രംഗത്തുള്ള വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ കൊണ്ടുവന്ന നിയമനിർമ്മാണങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ജനാധിപത്യ സ്വഭാവത്തെ ഹനിക്കുന്നതാണ്. സഹകരണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വോട്ടവകാശം ഇല്ലാതാക്കി. അതുകൊണ്ട് പുതിയ ഭേദഗതി കൊണ്ടുവന്ന് ജനാധിപത്യ സംവിധാനം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്രനിയമത്തെ സംബന്ധിച്ച് പരിശോധന നടത്തണം. കേന്ദ്രനിയമത്തിൽ കംപനികളാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര നിയമത്തെ സംബന്ധിച്ച പരിശോധന നടത്തി കാര്യങ്ങൾ മനസ്സിലാക്കി നിയമം കൊണ്ടുവരണം. ഇലക്ഷൻ, റിക്രൂട്ടുമെന്റ്, ഓഡിറ്റിംഗ് എന്നീ മൂന്നു കാര്യങ്ങളിൽ മാത്രം ഗവൺമെന്റിന്റെ നിയന്ത്രണമുണ്ടാകണം. സഹകരണ രംഗത്തുള്ള ക്രമക്കേടുകളും അഴിമതികളും തടയണം. ഈ രംഗത്തുള്ള ജനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടാതിരിക്കാൻ ആഡിറ്റ് ഒബ്ജക്ഷൻ അടക്കം കിട്ടുന്ന പരാതികൾ ബന്ധപ്പെട്ട ഏജൻസികളെക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നടപടി സ്വീകരിക്കണം. കഴിഞ്ഞ കാലങ്ങളിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെ പ്പറ്റിയും അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് സ്വകാര്യവൽക്കരിക്കണമെന്ന ഉദ്ദേശത്തോടെയാണ് 2001-ജൂണിൽ ധവളപത്രം പുറപ്പെടുവിച്ചത്. വൈദ്യുതിയുടെ ചാർജ് അടിക്കടി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതി റഗുലേറ്ററി കമ്മീഷന് താരിഫ് നിയന്ത്രിക്കുന്നതിനു പുറമേ ഇപ്പോൾ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരവും നൽകിയിരിക്കുകയാണ്. പാർലമെന്റിൽ കൊണ്ടുവന്ന ബില്ലിൽ വളരെ വ്യക്തമായി അക്കാര്യം പറഞ്ഞിട്ടുണ്ട്. മറ്റ് ചില സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള റിഫോംസ് ബിൽ കേരളത്തിലും നടപ്പിലാക്കാനുള്ള ആലോചനകളാണ്

നടക്കുന്നത്. അതും കൂടി വരുമ്പോൾ വൈദ്യുതി ചാർജിൽ വീണ്ടും 53 ശതമാനം വർദ്ധനവുണ്ടാകും. സാമൂഹ്യബാദ്ധ്യത എന്ന നിലയിൽ ഗവൺമെന്റ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പേരിൽ ഗവൺമെന്റ് നൽകാനുള്ളതും വിവിധ സ്വകാര്യ കമ്പനികൾ നൽകാനുള്ളതും മന്ത്രിമാരുടെ ഓഫീസുകൾ മുഖാന്തിരം നൽകാനുള്ളതുമായി ആറായിരം കോടി ഉറുപ്പിക ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. ആ തുക പിരിച്ചെടുത്താൽ തന്നെ ഇലക്ട്രിസിറ്റി ബോർഡിന് ലാഭകരമായി പ്രവർത്തിക്കാൻ കഴിയും. നിയമസഭയിൽ സമർപ്പിച്ച ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ റിപ്പോർട്ട് പ്രകാരം 1997 മുതൽ 2001 വരെയുള്ള കണക്കനുസരിച്ച് വൈദ്യുതി ബോർഡ് ലാഭത്തിലായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരമേറ്റതിനു ശേഷം പിരിഞ്ഞുകിട്ടാനുള്ള സംഖ്യ പിരിച്ചെടുക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. തൃശൂർ കോർപ്പറേഷൻ 31.94 കോടി രൂപ കുടിശ്ശിക വരുത്തിയത് പിരിച്ചെടുക്കാൻ യാതൊരു ശ്രമവും നടത്തുന്നില്ല. വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കപ്പെട്ടാൽ പിഴ ഈടാക്കുന്ന കാര്യത്തിലും ബോർഡിന്റെ ഭാഗത്തുനിന്നും കടുത്ത അനാസ്ഥയാണുള്ളത്. പതിനായിരംകോടി രൂപയുടെ ആസ്തിയുള്ള ഈ സ്ഥാപനത്തെ വെട്ടിമുറിച്ച് സ്വകാര്യവൽക്കരിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം അപലപനീയമാണ്. വൈദ്യുതി മേഖല സ്വകാര്യവൽക്കരിച്ച ആന്ധ്ര, കർണാടക, ഹരിയാന, ഡൽഹി തുടങ്ങി ഏഴ് സംസ്ഥാനങ്ങൾ ഇപ്പോൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരണ നടപടികളിൽനിന്നും ഗവൺമെന്റ് അടിയന്തിരമായി പിൻവാങ്ങണം.

<u>ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ പ്രസ്ഥാനം അതിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്ന് അകന്നു പോകുന്നുണ്ടോയെന്ന് നാം ഓരോരുത്തരും ആത്മപരിശോധന നടത്തണം. ഗവൺമെന്റിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും ഇടപെടലുകൾ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച മുരടിക്കുകയും ലക്ഷ്യപ്രാപ്തിക്ക് വിഘാതമാവുകയും ചെയ്യുന്നുണ്ട്. രാഷ്ട്രീയ വിവാദങ്ങളില്ലായിരുന്നുവെങ്കിൽ പരിയാരം മെഡിക്കൽ കോളേജ് ഇൻഡ്യയിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജുകളിൽ ഒന്നാകുമായിരുന്നു. സഹകരണ രംഗത്തെ വിവാദങ്ങളിൽനിന്നും രാഷ്ട്രീയ ഇടപെടലുകളിൽനിന്നും മോചിപ്പിക്കുന്നതോടൊപ്പം വൈവിദ്ധ്യവൽക്കരണത്തിനും ഗുണമേന്മയ്ക്കും മുൻഗണന കൊടുക്കുകയും വേണം. ആഗോളവൽക്കരണത്തിന്റെ വിപത്തിനെ പ്രതിരോധിക്കാനുള്ള ഏകമാർഗ്ഗം സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയെന്നുള്ളതാണ്. പ്രത്യുൽപ്പാദന മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും സഹകരണപ്രസ്ഥാനം വ്യാപിപ്പിക്കാൻ കഴിയണം. സഹകരണ സ്ഥാപനങ്ങൾ തമ്മിൽ നടക്കുന്ന അനാരോഗ്യകരമായ മൽസരങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ക്രിയാത്മകമായ പരിപാടികൾക്ക് രൂപം നൽകണം. സഹകരണ മേഖലയിലെ പോരായ്മകൾ പരിഹരിക്കുന്ന കാര്യത്തിൽ വ്യക്തവും വിശാലവുമായ കാഴ്ചപ്പാടുണ്ടാകണം. വൈദ്യുതി മേഖലയിലെ പ്രതിസന്ധിക്ക് കാരണം മുൻ ഗവൺമെന്റ് വരുത്തിവച്ച കടങ്ങളും ഭരണത്തിലെ കെടുകാര്യസ്ഥതയുമാണ്. അതെല്ലാം മാറ്റിയെടുക്കുന്നതിനുള്ള ഈ ഗവൺമന്റിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. അഞ്ചുവർഷം കഴിയുമ്പോൾ 4505 മെഗാവാട്ട് വൈദ്യുതി ആവശ്യമായി

വരുമെന്ന് കണക്കാക്കിയിട്ടുള്ളത് മുന്നിൽ കണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കണം. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കുറയ്ക്കാനുള്ള നടപടികൾ സ്വാഗതാർഹമാണ്. വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ബോർഡിനെ കാര്യക്ഷമമാക്കണം. എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ജില്ലാതലത്തിൽ ഓപ്പറേറ്റ് ചെയ്തു പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണം. എനർജി മാനേജ്മെന്റ് സെന്ററിനെ കാര്യക്ഷമമാക്കി വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കണം. കേരളത്തിലെ നദികളുടെ പവർ ജനറേഷൻ കപ്പാസിറ്റിയുടെ 33 ശതമാനം മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന വസ്തുത കൂടി കണക്കിലെടുത്ത് കൂടുതൽ ഹൈഡ്രോ പവർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആക്സിലറേററഡ് പവർ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ കാസർകോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അതിന്റെ ഇംപ്ലിമെന്റേഷൻ ത്വരിതപ്പെടുത്തണം. ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഗുണഭോക്താവിന് മീറ്റർ സ്ഥാപിക്കാനുള്ള അനുവാദം നൽകണം. സാമ്പത്തിക പരാധീനതകൾ കണക്കിലെടുക്കാതെ ഫീൽഡ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കണം. കേന്ദ്രഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്ന കണ്ണടച്ചുള്ള സ്വകാര്യവൽക്കരണ നടപടികൾ രാജ്യത്തെ നാശത്തിലേയ്ക്ക് നയിക്കുമെന്ന തിരിച്ചറിവ് ഉണ്ടാകുന്നതോടൊപ്പം പൊതുമേഖലയെ പാടേ ഇല്ലാതാക്കുന്ന ഒരു സമീപനവും ഈ ഗവണ്മെന്റിന്റെ ഭാഗത്തു നിന്നുണ്ടാകരുത്. വൈദ്യുതിയുമായി ബന്ധപ്പെട്ടുള്ള ജനറേഷൻ – ഡിസ്ട്രിബ്യൂഷൻ സംവിധാനങ്ങൾ സമാന്തരമാക്കണം. ത്രിതല പഞ്ചായത്തുകളിൽ മിനി ഹൈഡൽ പവർ സ്റ്റേഷനുകൾ സ്ഥാപിക്കണം. സഹകരണ – വൈദ്യുത വകുപ്പുകളിൽ സമൂല മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ഗവൺമെന്റിന്റെ നിലപാട് സ്വാഗതാർഹമാണ്.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ സഹകരണ മേഖല ഇൻഡ്യയ്ക്ക് മാതൃകയാണ്. സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഒന്നാണ് സഹകരണ മേഖല. സഹകരണ മേഖലയിൽ വളർച്ച ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഏറെ സഹായകരമാണ്. സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം. കഴിഞ്ഞ എൽ. ഡി. എഫ് ഗവൺമെന്റ് സഹകരണ മേഖലയെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. കോട്ടയം ജില്ലയിലെ ഇളങ്കുളം, ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്കുകളിൽ കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് നടത്തിയ അഴിമതികൾ ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാണ്. സഹകരണ മേഖലയെ രാഷ്ട്രീയവൽക്കരിച്ച് സഹകരണ സ്ഥാപനങ്ങൾ പിടിച്ചെടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് കാണിച്ച വ്യഗ്രത ഈ മേഖലയെ തകർച്ചയിലേയ്ക്ക് നയിച്ചു. ഈ വക കാര്യങ്ങളിൽ മാറ്റമുണ്ടാക്കുന്നതിനു വേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ ശ്രമം സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. കെ. ഷാജു</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി മേഖലയിൽ പല ഗുണപരമായ മാറ്റങ്ങളും ഈ ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ

ഭരണത്തിനിടയിൽ ഉണ്ടായി. കഴിഞ്ഞ എൽ. ഡി. എഫ് ഗവൺമെന്റ് വൈദ്യുതി ബോർഡിന് അയ്യായിരം കോടിയോളം രൂപയുടെ അധിക ബാദ്ധ്യത വരുത്തിവച്ചു. ഇതിൽനിന്ന് വ്യത്യസ്തമായി വൈദ്യുതി ബോർഡിനെ ലാഭത്തിൽ എത്തിക്കുന്നതിനുള്ള ഈ ഗവൺമെന്റിന്റെ തീവ്ര ശ്രമത്തിന് വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. കായംകുളം വൈദ്യുത പദ്ധതിയുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് സഹായകരമായ നിലപാട് എടുക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. വൈദ്യുതി ഉൽപ്പാദനം പൊതുമേഖലയിൽ നിലനിറുത്തിക്കൊണ്ട് വൈദ്യുതിയുടെ വിതരണച്ചുമതല സാമ്പത്തികശേഷിയുള്ള സ്വകാര്യ വ്യക്തികളെ എൽപ്പിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. കഴിഞ്ഞ എൽ. ഡി. എഫ് ഗവൺമെന്റ് സഹകരണ സംഘങ്ങളുടെ വോട്ടവകാശം നിഷേധിച്ചുകൊണ്ട് സഹകരണ മേഖല പിടിച്ചെടുക്കുന്നതിനാണ് കൂടുതൽ വ്യഗ്രത കാട്ടിയത്. ഈ ഗവൺമെന്റ് സഹകരണ മേഖലയിൽ ജനാധിപത്യം പുന:സ്ഥാപിക്കുന്നതിനുള്ള യത്നത്തിലാണ് ഇപ്പോൾ ഏർപ്പെട്ടു കൊണ്ടിരിക്കുന്നത്. യു. ഡി. എഫ്. സഹകരണ മേഖലയിൽ പുതിയ പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിച്ചതും സഹകരണ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയതും യു. ഡി. എഫ്. ഗവൺമെന്റാണ്. സഹകരണ സംഘങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. തിരുവനന്തപുരം, കോഴിക്കോട്, വയനാട്, കാസർകോട് ജില്ലാ സഹകരണ ബാങ്കുകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. സഹകരണ രംഗത്ത് അടിമുടി മാറ്റമുണ്ടാക്കാൻ ഈ ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ട്. സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ, വിഴിഞ്ഞം തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ട് കേരളത്തിന്റെ ഭാവിക്ക് സൽപ്പേരുണ്ടാക്കാൻ കഴിയുന്ന ഒട്ടനവധി പ്രവർത്തനങ്ങളു മായി ഈ ഗവണ്മെന്റ് മുന്നോട്ടു പോവുകയാണ് .

<u>ശ്രീ. എം.എ. വാഹിദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു . ഇന്ന് സഹകരണ ബാങ്കിംഗ് മേഖലയിൽ ജനാധിപത്യവും സഹകരണവുമില്ല; പല സഹകരണബാങ്കുകളിലും ഇപ്പോൾ പണവുമില്ല. പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റ് കോടിക്കണക്കിനു രൂപ ചെലവഴിച്ചതിന്റെ ഫലമായി നബാർഡിൽ നിന്നുള്ള സഹായം പോലും ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിരിക്കുന്നു . ജനാധിപത്യം പുന:സ്ഥാപിക്കാൻ പുതിയ നിയമം കൊണ്ടുവന്നതും സഹകരണ ബാങ്കുകളിൽ നിക്ഷേപങ്ങൾ സ്വരൂപിക്കാനുള്ള ശ്രമവും സ്വാഗതാർഹമാണ് . കഴക്കൂട്ടത്ത് നാഷണൽ ഹൈവേയ്ക്ക് സമീപം അടഞ്ഞുകിടക്കുന്ന സഹകരണ ആശുപത്രിയെ ഒരു മിനി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണം . കോടിക്കണക്കിനു രൂപ ചെലവാക്കി നെൽപ്പാടം നികത്തി പവർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള പവർഗ്രിഡ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് കൂട്ടു നിൽക്കരുത്; അനുയോജ്യമായ സ്ഥലത്ത് അത് സ്ഥാപിക്കാനുള്ള

നടപടിയുണ്ടാകണം. അവഗണിക്കപ്പെട്ടു കിടക്കുന്ന വിഴിഞ്ഞം തുറമുഖ വികസനം യാഥാർത്ഥ്യമാക്കണം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു . കഴിഞ്ഞ ഗവണ്മെന്റ് സഹകരണ തത്വങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് സഹകരണ ജനാധിപത്യം ഇല്ലാതാക്കി സഹകരണ രംഗം സമ്പൂർണ്ണമായി രാഷ്ട്രീയവത്കരിച്ച സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അഴിമതിയും രാഷ്ട്രീയവും ഒഴിവാക്കിയാൽ സഹകരണ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും . അതിന് ഭരണ പ്രതിപക്ഷ കക്ഷികളുടെ സഹകരണം ഉണ്ടാകണം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംശുദ്ധമാക്കാനുള്ള മുന്നേറ്റത്തിന് തയ്യാറാകണം. രാഷ്ട്രീയവത്കരണം ഈ രംഗത്തുനിന്ന് മാറ്റാൻ കഴിയണമെങ്കിൽ സഹകാരികളുടേതായ ഒരു പെരുമാറ്റച്ചട്ടം ഉണ്ടാകണം. എല്ലാ സഹകാരികളുടെയും അഭിപ്രായങ്ങൾ തേടിക്കൊണ്ട് സമഗ്രമായ സഹകരണ നിയമം ഉണ്ടാക്കണം. സഹകരണ പ്രവർത്തനം ഒരു സേവന രംഗമാക്കി മാറ്റാനുള്ള സംവിധാന മുണ്ടാകണം. അഴിമതിരഹിതമായ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ ആവശ്യമായ ധനം സ്വരൂപിക്കാനും വിനിയോഗിക്കാനും കഴിയും. സഹകരണ യൂണിയനു കളെ കുറ്റമറ്റതാക്കാൻ നടപടിയുണ്ടാകണം. എച്ച്.ഡി.സി., ജെ.ഡി.സി. കരിക്കുലത്തിലും പരീക്ഷാ സംവിധാനത്തിലും കാലോചിതമായ മാറ്റം വരുത്തണം. സഹകരണ മാനേജുമെന്റ് സംവിധാനം മെച്ചപ്പെടുത്തി ആഡിറ്റിംഗ് രീതി പരിഷ്കരിക്കണം. ചാർട്ടേർഡ് അക്കൗണ്ടന്റു മാരുടെ ആഡിറ്റിംഗ് രീതി നടപ്പാക്കി കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള സഹായം വാങ്ങിയെടു ക്കാൻ നടപടിയെടുക്കണം. ഐ.ടി., ടൂറിസം രംഗങ്ങളിൽ പുതിയ സഹകരണ പ്രസ്ഥാനങ്ങൾ തുടങ്ങാനുള്ള നബാർഡിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കണം. രാഷ്ട്രീയ അഴിമതിക്ക് ഇടനൽകാതെ പ്രവർത്തനപരിധി വ്യക്തമാക്കി സംഘത്തിന്റെ സ്വഭാവമനുസരിച്ച് അംഗത്വം നിജപ്പെടുത്തി സർക്കാരിന്റെ നിയന്ത്രണത്തിന് പരിമിതിയുണ്ടാക്കി അംഗങ്ങളുടെ അവകാശത്തോടൊപ്പം കടമകളും പൂർത്തിയാക്കി ഭരണസംവിധാനത്തിൽ ട്രൈബ്യൂണലുകൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കി ലാഭവിഹിതം ലാഭമുണ്ടാക്കുന്നവന് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. വൈദ്യുതി രംഗത്ത് കെടുകാര്യസ്ഥതയില്ലാത്ത ഒരു സാഹചര്യമുണ്ടാക്കി വൈദ്യുതി ബോർഡ് സമുദ്ധരിക്കാനുള്ള പദ്ധതികളുമായി മുൻപോട്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. കടയ്ക്കൽ നിയോജകമണ്ഡലത്തിലെ 33 കെ. വി. സബ്സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മൂലധന നിക്ഷേപത്തിന്റെ കാര്യത്തിലെടുത്ത സമീപനമാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഇന്നത്തെ ദുരവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചത്. പ്രത്യുൽപ്പാദനമേഖലയിൽ കൂടുതൽ പണം ചെലവഴിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് കഴിയാത്തതുകൊണ്ട് ബോർഡ് കടക്കെണിയിലെത്തി യിരിക്കുകയാണ്. ഈ ദുരന്തത്തിൽനിന്നും കേരളത്തെ രക്ഷിക്കാനുള്ള നടപടികളുമായി

ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻപോട്ടുപോകുകയാണ്. ഇന്ന് ഇടുക്കി പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് 23 പൈസയാണ്. ആ വൈദ്യുതിയാണോ കേരളത്തിലുണ്ടാക്കേണ്ടതെന്നുള്ളത് സംബന്ധിച്ച് ഒരു പുനർചിന്തനം നടത്തണം. ചൈനയിലെ ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ മാതൃകയിൽ നാല് പദ്ധതികൾ ഇവിടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻപോട്ടുപോകുകയാണ്. ഒരു വർഷം കേരളത്തിൽ 180 കോടി യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും അതുവഴി 400 കോടി രൂപയുടെ ലാഭം ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാക്കിക്കൊടുക്കാനും കഴിയുമെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. വൈദ്യുതി മോഷണം തടയാനാവശ്യമായ നിയമനിർമ്മാണ നടപടി സ്വീകരിക്കണം. കേടായി കിടക്കുന്ന ഒന്നേകാൽ കോടി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. മുൻകാലങ്ങളിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ നടപ്പിലാക്കാൻ വാങ്ങിയ 100 ട്രാൻസ്ഫോമറുകളും അതുപോലെ അണ്ടർഗ്രൗണ്ട് കേബിളുകളും ഉപയോഗ ശൂന്യമായി കിടക്കുന്നു. ടെന്റർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പാരിസ്ഥിതിക പ്രശ്നങ്ങൾമൂലം നടപ്പിലാകാതെ കിടക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കാലാവധി പൂർത്തീകരിക്കാൻ പോകുന്ന പദ്ധതികളുടെ പണി നിർത്തലാക്കുകയും ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

<u>ശ്രീ. വി. ഡി. സതീശൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാംപത്തികരംഗത്ത് ലോകവ്യാപകമായുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കാലാനുസൃതമായ മാറ്റം വരുത്താത്തതു കൊണ്ട് സഹകരണ മേഖല സ്തംഭിച്ചുകിടക്കുന്നു. രജിസ്ട്രേഷന്റേയും ആഡിറ്റിന്റേയും കാര്യത്തിൽ സർക്കാരിന്റെ നിയന്ത്രണം വേണം. മൾട്ടി പർപ്പസ് സൊസൈറ്റികൾ ഒരു കുടക്കീഴിൽ കൊണ്ടുവന്നാൽ എസ്റ്റാബ്ളിഷ്മെന്റ് എക്സ്പെന്റിച്ചർ കുറയ്ക്കാൻ കഴിയും. സഹകരണസംഘങ്ങൾ ബ്ളേഡ് കംപനികളുടെ പകർപ്പായി മാറാൻ പാടില്ല. നിയമപരമായി നിലനിൽക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനത്തിന് മാത്രമേ ജനങ്ങളുടെ മുൻപിൽ ക്രെഡിബിലിറ്റി യുണ്ടാകുകയുള്ളൂ. സെൻട്രൽ ആക്ടിന്റെ പ്രൊവിഷനെതിരായി സബോർഡിനേറ്റ് ലെജിസ്ലേഷൻ നടത്തുന്നത് ശരിയാണോ എന്ന കാര്യം ഗവൺമെന്റ് പുന:പരിശോധിക്കണം. പ്രോപ്പർ സെക്യൂരിറ്റിയില്ലാതെ ജില്ലാ ബാങ്കുകൾ ചില സ്ഥാപനങ്ങൾക്ക് കടം കൊടുത്തതിനെ ക്കുറിച്ച് ഗൗരവമായി അന്വേഷിക്കണം. നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് പോകാതെ വൈദ്യുതി മേഖലയെ പിടിച്ചുനിർത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി സപ്ളൈ ആക്ട് അനുസരിച്ച് എല്ലാ ഇലക്ട്രിസിറ്റി ബോർഡുകളും 3 ശതമാനം ലാഭമുണ്ടാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ മേഖലയിലെ എല്ലാ സബ്സിഡികളും നിർത്തലാക്കി. ഈ ഗവൺമെന്റ് ബോർഡിന് ലാഭമുണ്ടാക്കാൻ വേണ്ടി പല പരിഷ്കാരങ്ങളും കൊണ്ടുവരുന്നുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാപേരുടെയും സഹകരണമുണ്ടാകണം.

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ ഒരു വർഷംകൊണ്ട് വൈദ്യുതി ബോർഡിൽ അടുക്കും ചിട്ടയുമുണ്ടാക്കാൻ സാധിച്ചു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടക്കെണിയിലായിരിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപന മാണ് ഇലക്ട്രിസിറ്റി ബോർഡ്. ചാർജ്ജ് വർദ്ധനവ് വരുത്താതെ ബോർഡിനെ കടക്കെണിയിൽ നിന്ന് രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. പല പ്രമുഖ വ്യവസായങ്ങളും തകർച്ചയി ലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പവർ ഇന്റൻസീവ് വ്യവസായങ്ങൾ ഓരോ മാസവും പൂട്ടിക്കൊണ്ടിരിക്കുന്നു. വ്യവസായങ്ങൾക്ക് വൈദ്യുതി നൽകാനുള്ള ബാദ്ധ്യത ഗവൺ മെന്റിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റണം. കഴിഞ്ഞ മൂന്ന് വർഷമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലാഭകരമാക്കുന്നതിനുവേണ്ടി താരിഫ് ഇളവു നൽകണം. പവർ ഇന്റൻസീവായിട്ടുള്ള എല്ലാ വ്യവസായങ്ങൾക്കും താരിഫ് ഇളവ് അനുവദിച്ചാൽ മാത്രമേ അവ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ബോർഡിലെ അധിക ചെലവ് നിയന്ത്രിച്ചുകൊണ്ടുള്ള നടപടികളുമായി മുന്നോട്ടുപോകണം. അനാവശ്യ തസ്തികകളും ആഫീസുകളും നിർത്തലാക്കണം. പ്രോജക്ടുകൾ നിർത്തലാക്കി യതുവഴി ആവശ്യമില്ലാതെ വരുന്ന കെട്ടിടങ്ങളും വാഹനങ്ങളും ലേലം ചെയ്ത് ബോർഡിന് മുതൽകൂട്ടാക്കണം. റഗുലേറ്ററി കമ്മിഷൻ എത്രയും വേഗം രൂപീകരിക്കണം. വൈദ്യുതിയുടെ സ്ഥാപിതശേഷി അച്ചീവ് ചെയ്യണം. മൈനർ പോർട്ടുകളെക്കുറിച്ച് വിദഗ്ദ്ധമായി പരിശോധിച്ചതിനുശേഷം അവയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം.

<u>ശ്രീ. സി.കെ. നാണു:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് സാധാരണക്കാരന് ഗുണകരമല്ലാത്ത രീതിയിൽ സഹകരണ ബാങ്കിംഗ് മേഖല മാറിയിരിക്കുന്നു. കഴിയുന്നത്ര നിക്ഷേപം സംഭരിച്ച് മൂലധനം സ്വരൂപിച്ച് വികസന പ്രവർത്തനങ്ങൾക്കുപയുക്തമാക്കാൻ സഹകരണ മേഖലയ്ക്ക് കഴിയണം. 1991 മുതൽ 1996 വരെ അധികാരത്തിലിരുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്. എന്നാൽ 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ആയിരത്തിലധികം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. ആവശ്യത്തിന് വൈദ്യുതി ലഭിക്കാത്തതിന്റെ ഫലമായി വ്യവസായ മേഖലയിൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കേരളത്തിലെ വൈദ്യുതി മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇൻഡ്യയിൽ ഏറ്റവും അധികം വൈദ്യുതി ഉപയോഗിക്കുന്നത് കാർഷിക മേഖലയുടെ വികസനത്തിനാണ്. കാർഷിക രാജ്യമായ ഇൻഡ്യയിൽ കാർഷിക പുരോഗതിക്ക് ആവശ്യമായ രീതിയിൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കണം. അനേകം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന രീതിയിൽ വായ്പകൾ ലഭ്യമാക്കാതെ സംസ്ഥാനത്തിന് ഗുണകരമായ രീതിയിലുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ എ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കണം. ഈ ഗവൺമെൻറ് അധികാരമേറ്റതിനുശേഷം അമിതമായ ചാർജ്ജ് വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഏത് മേഖലയെടുത്തു പരിശോധിച്ചാലും 50 ശതമാനം മുതൽ 250 ശതമാനം വരെയുള്ള വർദ്ധനവ്

സാധാരണക്കാരായ ജനങ്ങളുടെമേൽ അടിച്ചേല്പിച്ച് പകൽകൊള്ള നടത്തുകയാണ് ചെയ്യുന്നത്. ഓരോ ഇനത്തിനും അമിതമായ ചാർജ്ജ് ഏർപ്പെടുത്തിയിരിക്കുകയാണ്. സാധാരണക്കാരായ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന രൂപത്തിൽ റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കണം.

ശ്രീ. പി.സി. ജോർജ്ജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈരാറ്റുപേട്ട, മൂന്നിലവ് എന്നീ സഹകരണ ബാങ്കുകളിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് പണം വരാനുള്ള അവസരം നിഷേധിക്കുകയാണ് ചെയ്യുന്നത്. ഈ മേഖല യുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കേരളത്തിലെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേല്പിച്ച് പകൽക്കൊള്ള നടത്തുന്ന നടപടി അവസാനിപ്പിക്കണം.

ശ്രീ. വി.സി. കബീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 4400 കോടി രൂപ കടത്തിൽ നില്ക്കുന്ന ഇലക്ട്രിസിറ്റി ബോർഡ് വൻകിട വ്യവസായങ്ങൾക്ക് വൈദ്യുതി സൗജന്യമായി നല്കുകയും ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കരാർ നല്കിയതിൽനിന്നും പിൻമാറുകയുമാണ് ചെയ്യുന്നത്. കെ..എസ്.ഇ.ബി. യുടെ മാനേജ്മെന്റ് ഏറ്റവും മോശമായ രീതിയിലാണ് നടക്കുന്നത്. കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നതും സെൻട്രൽ ഡിപ്പോയിൽനിന്നും വാങ്ങിയ 300 കോടി രൂപയുടെ സാധനങ്ങൾ കാണാതെവന്നതും വൈദ്യുതി ബോർഡിന്റെ കാര്യക്ഷമതയില്ലായ്മയയുടെ തെളിവുകളാണ്. മീറ്റർ വാടകയും കമ്പി വാടകയും പിൻവലിക്കണം. മുതലപ്പൊഴി, പൊന്നാനി എന്നീ മൈനർ പ്രോജക്ടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണം. സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് കഴിഞ്ഞ ഗവൺമെന്റിന് പരിയാരം മെഡിക്കൽകോളേജിന്റെ കമിറ്റ്മെന്റ് പൂർത്തിയാക്കാൻ സാധിക്കാതെ പോയത്.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് ആവശ്യമാണ്. ഇലക്ട്രിസിറ്റി ബോർഡിനെ എല്ലാ അർത്ഥത്തിലും വിദേശ കമ്പനികൾക്ക് അടിയറ വയ്ക്കുന്ന ഒരു നയമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കാതെ ഇലക്ട്രിസിറ്റി ബോർഡിനെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുള്ള ഗവൺമെന്റിന്റെ നടപടി ശ്ലാഘനീയമാണ്. ഹൈഡൽ പ്രോജക്ടുകൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഇലക്ട്രിസിറ്റി നയം ആവിഷ്കരിക്കണം. കെ.എസ്.ഇ.ബി.യിൽ റീ–സ്ട്രക്ച്ചറിംഗ് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്.എൻ.സി. ലാവലിനുമായി ഉണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ച് അന്വേഷണം നടത്തണം. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ച് വൈദ്യുതി അധിഷ്ഠിത വ്യവസായങ്ങളെയെല്ലാം തകർത്ത്

ജനങ്ങളെ കുത്തുപാളയെടുപ്പിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇപ്പോൾ ചാർജ്ജ് വർദ്ധനവിനെതിരെ സമരം നടത്തുന്നത് ലജ്ജാകരമാണ്.

<u>ശ്രീ. എം.വി. ജയരാജൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അത്യന്തം പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന കേരളത്തിൽ, സംപദ് ഘടനയെ നേരായ നിലയിൽ നയിക്കുവാൻ വേണ്ട ഒരു പദ്ധതിയും സഹകരണ മേഖലയിലെ പണമുപയോഗിച്ചു കൊണ്ടുവരാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. കോടതിവിധിയെപ്പോലും ഈ ഗവൺമെൻറ് മാനിക്കുന്നില്ല. സാഹിത്യ പ്രവർത്തക സഹകരണ സംഘം ഭരണ സമിതിയെ പിരിച്ചുവിട്ട ഈ ഗവൺമെന്റിന്റെ നടപടി സാംസ്കാരികഹത്യയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹകരണമേഖലയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന നടപടികളൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പ്രവർത്തനപരിധിയൊന്നും നോക്കാതെ സമാനസ്വഭാവമുള്ള സംഘങ്ങൾ യഥേഷ്ടം അനുവദിക്കുന്നത് സഹകരണ മേഖലയെ തകർച്ചയിലേക്ക് നയിക്കും. ക്രെഡിറ്റ് മേഖലയിലെ സംഘങ്ങൾ പിടിച്ചെടുക്കുക യില്ലെന്നു പറയുകയും അതേസമയം പ്രവർത്തന പരിധി നോക്കാതെ പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. സഹകരണമേഖലയെ സി.എം.പി.യുടെ മേച്ചിൽസ്ഥലമാക്കി മാറ്റിയിരിക്കുന്നു എന്ന് ഭരണകക്ഷിയിലുള്ളവർ തന്നെ ആക്ഷേപമുന്നയിച്ചിരിക്കുകയാണ്. സ്വാശ്രയ സഹകരണസംഘങ്ങളുടെ രൂപീകരണത്തിൽ നിന്നു സർക്കാർ പിന്തിരിയണമെന്നു ഭരണകക്ഷിയിൽപ്പെട്ടവർ തന്നെ അഭിപ്രായപ്പെട്ടിരിക്കുകയാണ്. 3 വർഷത്തിനകം 1882 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുമെന്നു പറഞ്ഞ് അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞ 14 മാസക്കാലത്തിനിടയിൽ ഒരു മെഗാവാട്ട് വൈദ്യുതി പോലും കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു വർഷത്തെ നേട്ടങ്ങൾ വിശദീകരിക്കുന്ന ലഘുലേഖ അച്ചടിക്കാനുപയോഗിച്ച പണം കൊണ്ട് ചൈനീസ് മാതൃകയിലുള്ള ഒരു ചെറുകിട ജലവൈദ്യുത പദ്ധതി ഉണ്ടാക്കാമായിരുന്നു. വൈദ്യുതി മേഖലയെ മൂന്നായി വിഭജിച്ച് വൈദ്യുതിവിതരണം സ്വകാര്യമേഖലയിൽ കൊണ്ടുവരാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ഇപ്പോഴത്തെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വ്യവസ്ഥകള നുസരിച്ച് വൈദ്യുതി മേഖലയെ മൂന്നു മേഖലകളാക്കി തിരിച്ച് സ്വകാര്യവൽക്കരിക്കുന്നതിനും വൈദ്യുതി ബോർഡിൽ സ്വയം വിരമിക്കൽ പദ്ധതി ഏർപ്പെടുത്താനും പൂർണ്ണമായ നിയമന നിരോധനം നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതിബോർഡിൽ ഒമ്പതിനായിരം ഒഴിവുകൾ നിലവിലുള്ള സന്ദർഭത്തിലാണ് നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. എ.ഡി.ബി.യുടെ ഡോട്ട് കോം വഴി ലഭിച്ച ഒരു രേഖയനുസരിച്ച് എ.ഡി.ബി.യുടെ ഏഴംഗ ഉദ്യോഗസ്ഥന്മാർ ഒരു റിഫോംസ് ബിൽ തയ്യാറാക്കുകയാണ്. അതുവഴി ഈ നിയമസഭയുടെ അധികാരവും എ.ഡി.ബി.ക്ക് തീറെഴുതുകയാണ്.

സഹകരണ വകുപ്പുമന്ത്രി <u>(ശ്രീ. എം. വി. രാഘവൻ):</u> സഹകരണവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച അംഗങ്ങളെ

അഭിനന്ദിക്കുകയാണ്. സഹകരണപ്രസ്ഥാനത്തെ ഒരു രാഷ്ട്രീയപ്പാർട്ടിയുടേയും മേച്ചിൽസ്ഥലമാക്കാൻ ഈ ഗവൺമെൻറ് അനുവദിക്കുകയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് സാഹിത്യ സഹകരണസംഘത്തിന്റെ പ്രസിഡൻറായി സാഹിത്യവുമായി ഒരു ബന്ധവുമില്ലാത്തയാളിനെ നിയമിക്കുകയും റോയൽറ്റിയിനത്തിലും മറ്റും ഭീമമായ ബാദ്ധ്യത സംഘത്തിന് വരുത്തിവയ്ക്കുകയും ചെയ്തു. പോലീസിനെ ഉപയോഗിച്ച് സംഘങ്ങൾ പിടിച്ചെടുക്കുന്ന പഴയ രീതി ഇപ്പോഴില്ല. മുൻ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണം കൊണ്ട് സഹകരണ പ്രസ്ഥാനത്തെ പ്രതിസന്ധിയിലാക്കുകയാണ് ചെയ്തത്. സംസ്ഥാനത്ത് ആകെയുള്ള 1628 സഹകരണ സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് ചുരുക്കം ചില സംഘങ്ങൾ മാത്രമാണ്. സഹകരണ മേഖലയിലെ ആകെ നഷ്ടം 133 കോടി രൂപയാണ്. മുൻ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയാണ് ഇതിനു കാരണം. ഇതുമൂലം സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസമാണ് തകരുന്നത്. ജീവനക്കാർ ഡി. എ. അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് ഡി. എ. നൽകുമ്പോൾ അതനുവദിക്കും. നഷ്ടമില്ലാതെ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ഡി. എ. അനുവദിക്കാവൂ എന്ന ഉത്തരവും നൽകിയിട്ടുണ്ട്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഡയറക്ടർ ബോർഡിനെതിരെ നടപടിയെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഭരണ–പ്രതിപക്ഷ ഭേദമെന്യേ സഹകരിക്കുകയാണെങ്കിൽ മാത്രമേ സ്വാശ്രയ സഹകരണ ബിൽ കൊണ്ടുവരുകയുള്ളൂ. ഗവൺമെന്റിന് ഇക്കാര്യത്തിൽ ധൃതിയില്ല. ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ച് തുടങ്ങുന്ന സഹകരണ ബാങ്കുകളിൽ സർക്കാരിന് പങ്കാളിത്തമുണ്ടാവുകയില്ല. പ്രവർത്തന പരിധിയിൽ നിയന്ത്രണമുണ്ടാവുകയില്ല. സംഘത്തിന് നഷ്ടമുണ്ടായാൽ അത് അംഗങ്ങൾ വഹിക്കണം. ഗവൺമെന്റ് സഹായം നൽകുകയില്ല. അവർ നിശ്ചയിക്കുന്ന കമ്മിറ്റി തർക്കങ്ങൾ പരിഹരിക്കണം. ഈ വിധത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംഘങ്ങളെയാണ് ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. മറ്റ് സ്റ്റേറ്റുകളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് നിയമമാക്കുകയുള്ളൂ. സഹകരണ മേഖലയിൽ 11000 കോടി രൂപയുടെ നിക്ഷേപമുണ്ട്. അത് വർദ്ധിപ്പിക്കുന്നതോടൊപ്പം കാർഷിക, വ്യാവസായിക, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ സഹകരണ നിക്ഷേപം വരത്തക്കവിധത്തിൽ ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. ഭരണ–പ്രതിപക്ഷാംഗങ്ങൾ കൂട്ടായി ശ്രമിച്ചാൽ ഈ മേഖലയിലെ രാഷ്ട്രീയ അതിപ്രസരം കുറയ്ക്കാൻ കഴിയും. 130 കോടി രൂപയിൽ പണി തീരേണ്ട പരിയാരം മെഡിക്കൽ കോളേജിനുവേണ്ടി 212 കോടി രൂപ ചെലവഴിച്ചു. 82 കോടി രൂപയാണ് നഷ്ടമുണ്ടായിരിക്കുന്നത്. കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി 150 കോടി രൂപ കൊടുക്കുമെന്ന് മുൻ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഒരു രൂപപോലും നൽകിയില്ല. ഈ ഗവൺമെന്റ് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വായ്പകൾക്കുള്ള പലിശയും പിഴപ്പലിശയും 2% കണ്ടു കുറച്ചു. One time settlement സമ്പ്രദായം നടപ്പാക്കി. ഇതുമൂലം 464 കോടി രൂപ പിരിച്ചെടുക്കുന്നതിനും 13.76 കോടി രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കാർഷിക വായ്പയ്ക്കുള്ള പലിശ 12% ആയി കുറച്ചു.

സഹകരണ സംഘങ്ങളിൽ നടന്നുവന്ന അഴിമതിയും ധൂർത്തും ഈ ഗവൺമെന്റ് അവസാനിപ്പിച്ചു. കൊച്ചിൻ ഓയിൽ റിഫൈനറിയുടെ ആവശ്യപ്രകാരം മണക്കോടം പോർട്ട് നിർമ്മിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും കൊച്ചിൻ പോർട്ട് ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ പിന്നോക്കം പോയിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ആലപ്പുഴ, ബേപ്പൂർ തുറമുഖങ്ങളുടെ വികസനത്തിലൂടെ മാത്രമേ സംസ്ഥാനത്തെ വ്യാവസായിക മേഖല ശക്തിപ്പെടുകയുള്ളു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി <u>(ശ്രീ. കടവൂർ ശിവദാസൻ)</u> : ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കെടുകാര്യസ്ഥതയുടെ ഫലമാണ് കെ. എസ്. ഇ. ബി. ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. 110 കോടി രൂപയുടെ റവന്യൂ കമ്മി 1479 കോടി രൂപയായി വർദ്ധിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. 1272 കോടി രൂപയുടെ കടം വരുത്തിവച്ചതും മുൻ ഗവൺമെൻറാണ്. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി റവന്യൂ കമ്മി 1060 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുമുണ്ട്. വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം അധികമാണ്. 40% ജീവനക്കാർ മലബാർ മേഖലയിൽ പണിയെടുക്കുമ്പോൾ 60% ജീവനക്കാർ തലസ്ഥാനത്ത് മാത്രമായി പണിയെടുത്തിരുന്നത് കുറ്റമറ്റ സ്ഥലം മാറ്റത്തിലൂടെ പരിഹരിക്കാൻ സാധിച്ചു. ഇതിനെതിരെ ഹൈക്കോടതിയിൽ വന്ന കേസുകൾ കോടതി നിരാകരിച്ചു. ഈ ഗവൺമെന്റ് വന്നശേഷം ഇലക്ട്രിസിററി ബോർഡിന് 100 കോടിയോളം രൂപയുടെ ചെലവ് കുറയ്ക്കാൻ സാധിച്ചു. എൻ.ടി.പി.സി.യുടെ വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 150 കോടി രൂപയുടെ ലാഭം ഇലക്ട്രിസിററി ബോർഡിന് ഉണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് കമ്മീഷൻ കിട്ടാൻവേണ്ടി ഇലക്ട്രിസിററി ബോർഡിന് ആവശ്യമില്ലാത്ത ധാരാളം സാധനങ്ങൾ വാങ്ങിക്കൂട്ടി. ഈ സാധനങ്ങളാണ് ഇപ്പോഴും ഉപയോഗശൂന്യമായി കിടക്കുന്നത്. ആ രീതിയിൽ ബോർഡിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടായി. ഈ ഗവൺമെന്റ് ഉൽപ്പാദനച്ചെലവിൽ നിന്നും വളരെ കുറഞ്ഞ റേറ്റിലാണ് ഉപഭോക്താക്കളിൽനിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. നിലവിൽ വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് യൂണിറ്റൊന്നിന്
3.58 രൂപയാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ 25 ശതമാനം വർദ്ധനവു മാത്രമേ വൈദ്യുതിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളൂ. മീറ്റർ വാടക ഇനത്തിൽ 10 രൂപ വർദ്ധിപ്പിച്ച ബോർഡിന്റെ നടപടിയെ വിമർശിക്കുന്നത് ശരിയല്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട ഹർജി തള്ളിക്കളഞ്ഞു. ലൈൻ വാടക വർദ്ധിപ്പിച്ച ബോർഡ് തീരുമാനത്തെ ഗവൺമെന്റ് സ്റ്റേ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പിന്നീട് തീരുമാനമെടുക്കാമെന്ന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും വലിയ നഷ്ടം സഹിച്ചാണ് ബോർഡ് ഇപ്പോഴും വൈദ്യുതി വിതരണം നടത്തുന്നത്. ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ 95 ശതമാനം പണികളും 1991–96

കാലഘട്ടത്തിൽ അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാരാണ് പൂർത്തിയാക്കിയത്. മാട്ടുപ്പെട്ടി, പെരിങ്ങൽക്കുത്ത്, കുറ്റ്യാടി തുടങ്ങിയ ജലവൈദ്യുത പദ്ധതികളും പൂർത്തിയാക്കുന്നതിന് ഈ കാലഘട്ടത്തിൽ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് നിർണ്ണായക പങ്കാണ് വഹിച്ചത്. വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അലംഭാവം കാണിക്കുന്നു എന്നുള്ള ആക്ഷേപം ശരിയല്ല. ഇത് കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള കുടിശ്ശികയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടില്ല. 5 കോടിയിൽപ്പരം രൂപയുടെ വൈദ്യുതി മോഷണവും മിസ്യൂസും കണ്ടു പിടിക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ കഴിഞ്ഞു. ഉപഭോക്താക്കളിൽനിന്ന് വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജിനേക്കാൾ കൂടുതൽ തുക ഈടാക്കുന്നു എന്നുള്ള പരാതി ഉയർന്നുവന്നത് ഓഡിറ്റ് ഉദ്യോഗസ്ഥന്മാർ പറഞ്ഞതനുസരിച്ച് തുക റൗണ്ട് ചെയ്യുമ്പോൾ വരുന്ന ഏററക്കുറച്ചിലുകളുടെ ഫലമായിട്ടാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എ.ഡി.ബി.യുമായി നടത്തിയ ചർച്ചകളിൽ ചെലവിനനുസരിച്ച് നിരക്കിൽ മാററം വരുത്താമെന്ന് അവരെ അറിയിച്ചിരുന്നു എന്നുള്ള കാര്യം വിസ്മരിക്കരുത്. ഇതൊക്കെ ന്യായമായിട്ടുള്ള കാര്യങ്ങളാണെന്ന് അറിയാവുന്ന പ്രതിപക്ഷത്തുള്ളവർ വൈദ്യുതി ചാർജ്ജ് വർദ്ധനവിനെ ഇപ്പോൾ എതിർക്കുന്നത് അപഹാസ്യമാണ് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ഉൾക്കൊള്ളിച്ച് വൈദ്യുതി നയത്തിൽ മാറ്റം വരുത്തുന്നതിന് മൂന്നു കാര്യങ്ങൾ പറഞ്ഞിരുന്നു. വൈദ്യുത മേഖലയിൽ മൂന്നു ലാഭകേന്ദ്രങ്ങളുണ്ടാക്കും. സ്വകാര്യവൽക്കരണം നടത്തും, താരിഫ് കമ്മീഷൻ ഉണ്ടാക്കും. താരിഫ് കമ്മീഷന്റെ വിധി അന്തിമമായിരിക്കുമെന്ന് കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിലെ ചീഫ് മിനിസ്റ്ററും ഫിനാൻസ് മിനിസ്റ്ററും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പ ലഭിക്കുന്നതിന് അവരുടെ വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ ഉറപ്പു നൽകുന്നതുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയേയും യൂണിയൻ ഫിനാൻസ് മിനിസ്റ്ററേയും സമീപിച്ചിരുന്നതായി രേഖകൾ ചൂണ്ടിക്കാണിക്കുന്നു. മുൻ ഗവൺമെൻറ് വീണ്ടും അധികാരത്തിൽ വന്നിരുന്നെങ്കിൽ കോസ്റ്റിന്റെ അടിസ്ഥാനത്തിൽ താരിഫ് റിവിഷൻ നടത്തുമായിരുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII –ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX –ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL –ാം നമ്പർ ധനാഭ്യർത്ഥനയും 24–നെതിരെ 69 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.25–ന് പിരിഞ്ഞു.

. . . . . . . . .